# ഇവരോട് കരുണ കാട്ടണേ......

ഡോ. പി.എൻ. സുരേഷ് കുമാർ
പ്രൊഫസ്സർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട്
കൺവീനർ, ഐ.എം.എ. കമ്മിറ്റി ഫോർ മെന്റൽ ഹെൽത്ത്

പതിനെട്ട് വയസ്സ് പൂർത്തിയായ ഓട്ടിസം, സെറിബ്രൽ പാൽസി, മാനസിക വളർച്ച ക്കുറവ്, മറ്റ് മാനസികവൈകല്യങ്ങൾ എന്നിവ ബാധിച്ച വ്യക്തികൾ പൊതുവെ തീരുമാ നങ്ങൾ എടുക്കാൻ കഴിവുള്ള അവസ്ഥയിലല്ല. ഇത്തരം വ്യക്തികൾക്ക് നാഷണൽ ട്രസ്റ്റ് നിയമം റദ്ദാക്കാനുള്ള നീക്കം ഇരുട്ടടിയാകുന്നു. ഇത്തരം വൈകല്യങ്ങൾ അനുഭവിക്കുന്ന വരുടെ ക്ഷേമത്തിനായി വാജ്പേയി സർക്കാർ 1999ൽ പാസാക്കിയ നിയമമാണിത്. ഈ നിയമപ്രകാരം പ്രസ്തുത വ്യക്തിയുടെ മാതാപിതാക്കളുടെ മരണശേഷം അവരുടെ ക്ഷേമ പരിപാലനത്തിന് ഒരു രക്ഷിതാവിനെ നിയമിക്കാവുന്നതാണ്. ക്ഷേമപദ്ധതികൾ നടപ്പാ ക്കാൻ അന്ന് പ്രത്യേക ഫണ്ടും ഉണ്ടാക്കിയിരുന്നു. ഈ നിയമം റദ്ദാക്കുകയും നിയമം വ്യവസ്ഥ ചെയ്യുന്ന പരിരക്ഷ നടപ്പാക്കുന്നത് സാമൂഹ്യക്ഷേമമന്ത്രാലയത്തിനെ ഏൽപ്പി ക്കാനുള്ള നീക്കവുമാണ് നടക്കുന്നത്. ചെലവുചുരുക്കലിന്റെ ഭാഗമായി വിവിധ നിയമ ങ്ങൾക്കു കീഴിൽ വരുന്ന പദ്ധതികൾ ഏകീകരിക്കാനുള്ള ധനമന്ത്രാലയത്തിന്റെ നിർദ്ദേ ശത്തിന്റെ ചുവടുപിടിച്ചാണിത്. മാനസികവൈകല്യങ്ങൾ അനുഭവിക്കുന്നവർക്കായുള്ള ക്ഷേമപദ്ധതികൾ അംഗപരിമിതരുടെ അവകാശസംരക്ഷണത്തിനായി 2016–ൽ നടപ്പാക്കിയ നിയമത്തിനു കീഴിലാക്കാനാണ് ഇത്തരം നീക്കങ്ങൾ നടത്തുന്നത്.

രക്ഷിതാക്കളുടെ സഹായമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത മാനസികവൈ കല്യമുള്ളവർക്ക് ആരോഗ്യ ഇൻഷുറൻസ്, സ്വത്തും മറ്റു കാര്യങ്ങളും നഷ്ടപ്പെട്ടു പോകാ തിരിക്കാൻ രക്ഷിതാക്കൾക്ക് രക്ഷാകർതൃ സർട്ടിഫിക്കറ്റ് നൽകൽ, നിരാലംബരും പ്രായ മേറിയ രക്ഷിതാക്കൾക്കും നോക്കാൻ സാധിക്കാത്തവർക്കുവേണ്ടി താമസകേന്ദ്രങ്ങൾ ഒരു ക്കൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയെല്ലാം നാഷണൽ ട്രസ്റ്റ് നിയമത്തിനു കീഴിൽ വരുന്നുണ്ട്.

പ്രത്യേക പരിഗണന നൽകി സംരക്ഷിക്കേണ്ട മുൻസൂചിപ്പിച്ച നാല് വിഭാഗ ത്തിൽപെടുന്ന മാനസിക വൈകല്യങ്ങൾ അനുഭവിക്കുന്ന അംഗപരിമിതരെ പൊതുവിൽ ബാധകമായ നിയമത്തിനു കീഴിലാക്കുമ്പോൾ അവർക്ക് ഇപ്പോൾ ലഭിക്കുന്ന പരിഗണ നയോ ആനുകൂല്യങ്ങളോ ലഭിക്കില്ല. ഈ വിഭാഗത്തിൽ പെടുന്നവരുടെ രക്ഷിതാക്കളുടെ ദേശീയ കൂട്ടായ്മയായ 'പരിവാർ' ഈ നീക്കത്തിൽനിന്നും കേന്ദ്രസർക്കാർ പിന്തിരിയണ മെന്ന് പ്രധാനമന്ത്രിയോട് ആഭ്യർത്ഥിച്ചിരിക്കുകയാണ്.

ഈ നിയമം വ്യവസ്ഥ ചെയ്യുന്ന ആനുകൂല്യങ്ങളെക്കുറിച്ച് കൂടുതൽ ബോധവാ ന്മാരായ കേരളീയരാണ് ഇതിന്റെ ഗുണഫലങ്ങൾ കൂടുതലായി അനുഭവിക്കുന്നത്. നാലു വിഭാഗങ്ങളിലും പെട്ട മാനസികവൈകല്യങ്ങൾ അനുഭവിക്കുന്ന രണ്ട് ലക്ഷത്തോളം പേർ സംസ്ഥാനത്ത് ഉണ്ടെന്നാണ് 'പരിവാർ' ഭാരവാഹികൾ പറയുന്നത്. നാഷണൽ ട്രസ്റ്റ് നിയമം ഭേദഗതി ചെയ്ത് അതൊരു അവകാശനിയമം ആക്കി മാറ്റാനുള്ള നീക്കം കഴിഞ്ഞ വർഷം നടന്നിരുന്നു.

ഓട്ടിസം, സെറിബ്രൽ പാൽസി, മാനസികവളർച്ചക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ അടുത്തറിയുന്ന ആർക്കുംതന്നെ ഈ നിയമഭേദഗതി നീക്കം തികച്ചും മനുഷ്യത്വരഹിതമായ നടപടിയാണെന്നതിൽ തർക്കമുണ്ടാകില്ല. നമ്മൾ ചർച്ച ചെയ്തു

കൊണ്ടിരിക്കുന്ന മനോവൈകല്യങ്ങളെപ്പറ്റി അടുത്തറിയുന്നത് ഈ പശ്ചാത്തലത്തിൽ നല്ലതായിരിക്കും.

**ഓട്ടിസം**

ജനിതകപരവും പാരിസ്ഥിതികപരവുമായ ഘടകങ്ങൾ മൂലമുണ്ടാകുന്ന ഈ വൈകല്യം ബാധിച്ച കുട്ടികളെ രക്ഷിതാക്കൾക്ക് ജനനം മുതൽ മൂന്ന് വയസ് ആകുന്ന തുവരെയുള്ള കാലയളവിൽ തന്നെ മിക്കപ്പോഴും തിരിച്ചറിയാൻ കഴിയുന്നു. മറ്റുള്ളവരെപ്പോലെ ആശയവിനിമയശേഷി ഇല്ലാത്ത ഇവരുടെ സാമൂഹിക ജീവിതം തികച്ചും പരാജയമായിരിക്കും. ഈ വൈകല്യമുള്ളവരുടെ താല്പര്യങ്ങളും സ്വഭാവവും പ്രവൃത്തികളും അസാധാരണവും ആവർത്തനസ്വഭാവമുള്ളതും ആയിരിക്കും.

ഈ വൈകല്യമുള്ളവർക്ക് സ്വന്തമായൊരു തൊഴിൽ ചെയ്യാൻ പറ്റാത്തതും സാമൂഹികമായ ഒറ്റപ്പെടലും അവർക്കും വീട്ടുകാർക്കും കടുത്ത മാനസികസമ്മർദ്ദമുണ്ടാക്കുന്നു. അവർ പല കാര്യങ്ങൾക്കും വേണ്ടി വീട്ടുകാരെ ഭീഷണിപ്പെടുത്തൽ, ആക്രമണ സ്വഭാവം, സ്വന്തം ശരീരത്തിൽതന്നെ പരിക്കേൽപ്പിക്കൽ, ആത്മഹത്യാപ്രവണത തുടങ്ങിയ സ്വഭാവവൈകൃതങ്ങൾ പ്രകടിപ്പിക്കുന്നു.

ബിഹേവിയറൽ തെറാപ്പി, സ്പീച്ച് തെറാപ്പി, പ്രത്യേക മരുന്നുകൾ എന്നിവയിലൂടെ ഈ അവസ്ഥയിൽനിന്നും സ്ഥിതി അല്പം മെച്ചപ്പെടുത്താമെങ്കിലും ശാശ്വതമായ പരിഹാരമില്ലാത്ത ഓട്ടിസം വ്യക്തിയുടെ ജീവിതകാലം മുഴുവൻ നിലനിൽക്കുന്നു.

**സെറിബ്രൽ പാൽസി**

ശാരീരികചലനം, തുലനം എന്നിവയെ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗങ്ങൾ അസാധാരണമായ രീതിയിൽ പ്രവർത്തിക്കുന്നതോ, നശിക്കുന്നതോ മൂലമാണ് ഈ അവസ്ഥയുണ്ടാകുന്നത്. അതിനുള്ള കാരണം തികച്ചും അജ്ഞാതമാണ്. സാധാരണയായി ഗർഭാവസ്ഥയിൽ തന്നെ വൈകല്യം തലപൊക്കിതുടങ്ങാറാണ് പതിവ്. എന്നാൽ ചിലപ്പോൾ സൂചനകൾ ലഭിക്കുന്നത് പ്രസവത്തോടെയോ ജനനത്തിനു ശേഷമോ ആയിരിക്കും.

പേശികളുടെ ബലക്ഷയമോ ദൃഢതയോ മൂലം ശാരീരികചലനങ്ങൾ അസാധ്യമാകൽ, വിറയൽ, ബുദ്ധിവളർച്ച കുറവ് എന്നിവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ്. മാസം തികയാതെയുള്ള പ്രസവം, ഇരട്ടക്കുട്ടികളെ പ്രസവിക്കൽ, ഗർഭാവസ്ഥയിലെ അണുബാധ, സങ്കീർണപ്രസവം എന്നിവയെല്ലാം വൈകല്യകാരണങ്ങളാണ്.

ശാരീരികചലനങ്ങൾ ഉൾക്കൊള്ളിച്ചുള്ള തെറാപ്പികൾ, സ്പീച്ച് തെറാപ്പി, ചലനത്തിന് സഹായിക്കുന്ന കൃത്രിമ ഉപകരണങ്ങൾ വച്ചുപിടിപ്പിക്കൽ, ശസ്ത്രക്രിയ, മരുന്നുപയോഗം എന്നിവയിലൂടെ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഈ അവസ്ഥയ്ക്ക് അൽപം ആശ്വാസം ലഭിക്കുന്നു.

ഓട്ടിസം, സെറിബ്രൽ പാൽസി, മാനസിക വളർച്ചക്കുറവ് എന്നിവയെല്ലാം പൂർണമായും ചികിത്സിച്ചു ഭേദമാക്കാൻ കഴിയില്ല. ജീവിതകാലം മുഴുവൻ മനോവൈകല്യങ്ങളും അനുബന്ധ ശാരീരിക വൈകല്യങ്ങളുമായി ജീവിക്കാൻ വിധിക്കപ്പെട്ടവരെ അവരുടെ രക്ഷിതാക്കളുടെ കാലശേഷവും സംരക്ഷിക്കുകയെന്നത് കടുത്ത വെല്ലുവിളി ഉയർത്തുന്ന പ്രശ്നമാണ്. ശാരീരിക-അംഗവൈകല്യമുള്ളവരിൽ ചിലർ വീൽചെയറുകളോ പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങളോ ഉപയോഗിച്ച് അവരുടെ ജീവനോപാധി കണ്ടെത്തുന്നത്

ഇന്ന് നാട്ടിലെ പതിവു കാഴ്ചയാണ്. എന്നാൽ മനോവൈകല്യമുള്ളവരുടെ കാര്യം തികച്ചും വിഭിന്നമാണ്. വൈകല്യമുള്ള മനസ്സുമായി ഉപജീവനമാർഗ്ഗം കണ്ടെത്താനും ലൈംഗിക ചൂഷണം, പീഡനം എന്നിവയിൽനിന്നും സ്വരക്ഷയൊരുക്കാനും അവർക്ക് കഴിയുകയില്ല. മനോവൈകല്യമുള്ളവരുടെ എല്ലാ തലങ്ങളിലുമുള്ള സമഗ്രക്ഷേമം ലക്ഷ്യമാക്കിയുള്ള നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പ്രസക്തി ഇവിടെയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു അവശവിഭാഗം വർഷങ്ങളായി അനുഭവിക്കുന്ന ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നുക്കുന്നത് ഒരു ഭരണകൂടത്തിനും ഭൂഷണമല്ലാത്ത അക്ഷന്തവ്യമായ തെറ്റാണ്.

***